**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 433

21/10/2016 - ൽ മറുപടിക്ക്

**ജൻ ആഹാർ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. വി. ജോയി<br>ശ്രീ. കെ. കുഞ്ഞിരാമൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കുടുംബശ്രീ മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>(i)മെട്രോ റെയിൽ, വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ, പ്രമുഖ റെയിൽവേ സ്റ്റേഷനുകളുടെ കസ്റ്റമർ ലോഞ്ച് മാനേജ്മെന്റ്, ഭാരത് പെട്രോളിയവുമായി സഹകരിച്ച് വേസൈഡ് അമിനിറ്റി എന്നിവയിലേയ്ക്ക് തൽപരരായ കുടുംബശ്രീ വനിതകളെയും കുടുംബാംഗങ്ങളെയും കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു.<br>(ii)എല്ലാ ജില്ലകളിലും വനിതകളുടെ കെട്ടിട നിർമ്മാണ ഗ്രൂപ്പുകൾ ആരംഭിക്കുകയും തുടർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി കോൺട്രാക്റ്റിംഗ് ഗ്രൂപ്പുകളാക്കി ഇവരെ മാറ്റുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.<br>(iii)തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി അവരെ മറ്റു ഉപജീവന മാർഗ്ഗങ്ങളിലേയ്ക്ക് കൈപിടിച്ചു ഉയർത്തുന്ന പദ്ധതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.<br>(iv)ഐആർസിറ്റിസിയുമായി സംയോജിച്ച് റെയിൽവേ കാറ്ററിംഗ് ഗ്രൂപ്പുകൾ, റെയിൽവേ പാർക്കിംഗ് എന്നിവ വിപുലപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ റെയിൽവേ ടിക്കറ്റ് കൗണ്ടറുകൾ റീജിയണൽ ഹെഡ് ക്വാർട്ടേഴ്സിലേയ്ക്കും തുടർന്ന് സാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>(v)ബ്യൂറോ ഓഫ് ഫാർമ പബ്ലിക്ക് സെക്ടർ അണ്ടർടേക്കിംഗ് |

ഓഫ് ഇന്ത്യ (BPPI) നടപ്പിലാക്കുന്ന 'ജെൻ ഔഷധി' പദ്ധതി സാധ്യത പരിഗണിച്ച് എല്ലാ സർക്കാർ / താലൂക്ക് ആശുപത്രികളിലും ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുകയും അതുവഴി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(vi)ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ സുവിനിയർ ഷോപ്പുകളും, പാർക്കിംഗ് സംവിധാനം, പൊതു ശൗചാലയങ്ങൾ എന്നിവയുടെ മാനേജ്മെന്റും കുടുംബശ്രീ തൊഴിൽ സംരംഭങ്ങളായി ഏറ്റെടുത്ത് നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(vii)പ്ലാസ്റ്റിക് നിരോധനത്തിന്റെ സാധ്യത പരിഗണിച്ച് തുണി/പേപ്പർ ബാഗുകളുടെ ഉത്പാദനം കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(viii)കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട്, നഗര പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ (മലപ്പുറം മാതൃകയിൽ) വിവിധ ജില്ലകളിലെ സാധ്യതകൾ ആരാഞ്ഞ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു

(ix)വിഷവിമുക്ത പച്ചക്കറി ഉത്പാദനം സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കൊപ്പം എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും, ഫ്ളാറ്റുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് മട്ടുപ്പാവിലും കൃഷി ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ സജ്ജമാക്കുന്നതിനും സർക്കാർ സർക്കാരേതര സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തി കൃഷി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ബാലസഭാ കുട്ടികളുടെ കൂട്ടായ്മയിൽ കൃഷി ചെയ്യുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ്. ജൈവ കീടനാശിനി, ജൈവ വളം, വെർമി കമ്പോസ്റ്റ് എന്നിവ കുടുംബശ്രീ അയൽക്കൂട്ടം വഴി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യത കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നു

(x)നിലവിൽ കുടുംബശ്രീ പ്രോത്സാഹിപ്പിച്ചു വരുന്ന കുടുംബശ്രീ കാന്റീനുകൾ, ടാക്സി സർവ്വീസ്, സാന്ത്വനം എന്നീ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച വയോജനപരിപാലനം, കുടുംബശ്രീ ക്രെഷ്, ഫിറ്റ്നസ് സെന്റർ എന്നിവ നഗര പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ മുഴുവൻ പിഡബ്ല്യൂഡി റെസ്റ്റ് ഹൗസുകളിലും

| | | | |
|---|---|---|---|
| | | | കുടുംബശ്രീ ഹൗസ്കീപ്പിംഗ് - കാന്റീൻ സംവിധാനം ഒരുക്കുന്നതിന് പിഡബ്ല്യൂഡിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും ഉദ്ദേശിക്കുന്നു<br>(xi)ഹോർമോൺ വിമുക്ത ബ്രോയിലർ ചിക്കൻ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികളോടൊപ്പം എഗ്ഗർ നഴ്സറിയുടെ സാധ്യത കൂടി പരിശോധിച്ച് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഇതിനായി സജ്ജമാക്കുകയും വർഷത്തിലുടനീളം ഇതിനുള്ള ഉത്പാദന വിപണന സംവിധാനം ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>(xii) കുടുംബശ്രീയുടെ നേതൃത്വത്തിൽ തെരുവ് നായ നിയന്ത്രണത്തിനായി ബ്ലോക്ക് തലത്തിൽ മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുകയും മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലും സഹകരണ ത്തിലും പരിശീലനം നൽകി സംരംഭ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട് |
| (ബി) | കുടുംബശ്രീയെ റെയിൽവേയുമായി സഹകരിപ്പിച്ച് 'ജൻ ആഹാർ' പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്<br>(i) സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ശുചിത്വപൂർണവും സ്വാദിഷ്ഠവുമായ ഭക്ഷണം ലഭ്യമാക്കുക..<br>(ii) സാധാരണക്കാരായ കുടുംബശ്രീ വനിതകൾക്ക് ജീവനോപാധി കണ്ടെത്തുക. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | റെയിൽവേയുമായി ചർച്ച നടത്തിയിട്ടുണ്ട്<br>ആദ്യഘട്ടത്തിൽ ചെങ്ങന്നൂർ സ്റ്റേഷനിൽ പ്രസ്തുത കാന്റീൻ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ